കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 നവംബർ 28 ബുധൻ

കാസർകോട്

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## വിവാഹ രജിസ്ട്രേഷന് രണ്ടു രേഖകൾകൂടി നിർബന്ധമാക്കണമെന്ന് വനിതാ കമ്മീഷൻ

### 'വിവാഹ സമ്മാനങ്ങളുടെ ലിസ്റ്റും പ്രീമാരിറ്റൽ കൗൺസിലിംഗ് സർട്ടിഫിക്കറ്റും ഹാജരാക്കണം'

ഗാർഹിക പീഡന പരാതികൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ വിവാഹ രജിസ്ട്രേഷൻ സമയത്ത് നിലവിൽ ഹാജരാക്കുന്ന രേഖകൾക്ക് പുറമേ രണ്ടു രേഖകൾകൂടി ഹാജരാക്കുന്നതിനു നടപടിയുണ്ടാകണമെന്നു വനിതാ കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടു. ദമ്പതികൾ പ്രീമാരിറ്റൽ കൗൺസിലിംഗിൽ പങ്കെടുത്ത സർട്ടിഫിക്കറ്റും വിവാഹത്തിന് ഇരുവർക്കും ലഭിച്ച സമ്മാനങ്ങളുടെ ലിസ്റ്റും വിവാഹ രജിസ്ട്രേഷൻ സമയത്ത് രേഖപ്പെടുത്തുന്നതിനു നടപടിയുണ്ടാകണമെന്നും വനിതാ കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാൽ ആവശ്യപ്പെട്ടു.

കമ്മീഷനു മുന്നിലെത്തുന്ന പരാതികളിൽ ഭൂരിഭാഗവും ദമ്പതികൾതമ്മിലുള്ള വിവിധ പരാതികളാണെന്നും ഇതിൽ വിവാഹ സമ്മാനങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങൾ കേസുകൾ നീണ്ടുപോകുന്നതിനു കാരണമാകുന്നുണ്ടെന്നും കമ്മീഷൻ വിലയിരുത്തി. പ്രീമാരിറ്റൽ കൗൺസിലിംഗിൽ പങ്കെടുക്കുന്നവരിൽ കുടുംബ പ്രശ്നങ്ങൾ കുറവാണെന്നതും വിവാഹത്തിന് മുമ്പ് ഇത്തരത്തിൽ കൗൺസിലിംഗുകളിൽ പങ്കെടുക്കുന്നതു പിന്നീടുള്ള ദാമ്പത്യജീവിതത്തിൽ മുതൽകൂട്ടാവുമെന്നും കണ്ടെത്തിയതിന്റ പശ്ചാത്തലത്തിലാണ് കമ്മീഷൻ ഇത്തരമൊരു ആവശ്യംകൂടി മുന്നോട്ടുവയ്ക്കുന്നതെന്ന് ഡോ.ഷാഹിദ കമാൽ വ്യക്തമാക്കി.

ദമ്പതികളുടെ കേസുകളിൽ വേഗത്തിൽ പരിഹാരം കാണുന്നതിന് യഥാർത്ഥ വസ്തുതകളും നിജസ്ഥിതിയും പരിശോധിക്കുന്നതിന് ഈ രേഖകൾ കമ്മീഷനും കോടതികൾക്കും സഹായകരമാകും. നിലവിൽ കമ്മീഷനുമുന്നിലെത്തുന്ന കേസുകളിൽ വിവാഹ സമ്മാനങ്ങൾ നൽകിയതുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ കൃത്യമായ തെളിവുകൾ ഹാജരാക്കുവാൻ ദമ്പതികൾക്ക് കഴിയുന്നില്ല. ഇത് കേസുകൾ നീണ്ടുപോകുന്നതിനു കാരണമാകുന്നുണ്ട്. വിവാഹരജിസ്ട്രേഷൻ സമയത്ത് വിവാഹസമ്മാനങ്ങളുടെ ലിസ്റ്റ് രേഖപ്പെടുത്താൻ കഴിഞ്ഞാൽ പിന്നീട് ഒരു തർക്കമുണ്ടായാൽ ഈ രേഖകൾ പരിശോധിച്ചാൽ മതിയാകുമെന്നും ഡോ.ഷാഹിദ കമാൽ പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാ കമ്മീഷൻ അദാലത്തിന് ശേഷം സംസാരിക്കുകയായിരുന്നു അവർ.

33 പരാതികൾ പരിഗണിച്ചതിൽ 12 പരാതികൾ ഒത്തുതീർപ്പാക്കി. ആറു പരാതികളിൽ പോലീസിനോട് റിപ്പോർട്ട് തേടി. മൂന്ന് പരാതികളിൽ ആർഡിഒയുടെ റിപ്പോർട്ട് തേടി. രണ്ടു കേസുകളിൽ കൗൺസിലിങ്

(തുടരും)

നൽകും. പത്ത് പരാതികൾ അടുത്ത അദാലത്തിൽ പരിഗണിക്കുവാനും തീരുമാനിച്ചു. എ.ഡി.എം: എൻ.ദേവീദാസ്, ലീഗൽപാനൽ അംഗങ്ങൾ അഡ്വ:വി.പി ശ്യാമള ദേവി , അഡ്വ.എ.പി ഉഷ, അഡ്വ.കെ.എം ബീന,വനിതാ സെൽ എസ്ഐ: എം.ജെ എൽസമ്മ, സിപിഒ:പി.വി ഗീത, കൗൺസലർ എസ്.രമ്യമോൾ തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്: വനിത കമ്മീഷൻ:

കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഡോ.ഷാഹിദ കമാലന്റെ അധ്യക്ഷതയിൽ നടന്ന വനിതാ കമ്മീഷൻ അദാലത്ത്. സമീപം എഡിഎം: എൻ.ദേവീദാസ്.

# വനിതാ കമ്മീഷൻ സംവാദം ഇന്ന് കാഞ്ഞങ്ങാട് ടൗൺഹാളിൽ

ഗാർഹിക പീഡന നിരോധന നിയമം സംബന്ധിച്ച് കേരള വനിത കമ്മീഷൻ സംഘടിപ്പിക്കുന്ന സംവാദം ഇന്ന്(29) കാഞ്ഞങ്ങാട് ടൗൺഹാളിൽ രാവിലെ 10 മുതൽ നടക്കും. കേരള വനിതാ കമ്മീഷൻ അധ്യക്ഷ എം.സി ജോസഫൈൻ ഉദ്ഘാടനം ചെയ്യും. വനിത കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാൽ അധ്യക്ഷയാകും. ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ഫിലിപ്പ് തോമസ് വിഷയം അവതരിപ്പിക്കും. കാഞ്ഞങ്ങാട് നഗരസഭ ചെയർമാൻ വി.വി രമേശൻ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പി ജാനകി, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഇ.പത്മാവതി, അഡ്വ.എ.പി ഉഷ, വനിത കമ്മീഷൻ പബ്ലിക് റിലേഷൻസ് ഓഫീസർ കെ.ദീപ തുടങ്ങിയവർ പങ്കെടുക്കും.

# പ്രകൃതി ദുരന്തങ്ങളെ നേരിടാൻ കുടുംബശ്രീ ബാലസഭകൾ ഒരുങ്ങുന്നു

പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രകൃതി ദുരന്തങ്ങളെയും അടിയന്തരഘട്ടങ്ങളെയും കാര്യക്ഷമമായി നേരിടാൻ കുടുംബശ്രീ ബാലസഭകൾ പ്രത്യേക സംഘങ്ങൾ രൂപീകരിക്കുന്നു. ഇതിന്റെ ഭാഗമായി ജില്ലാതല ദുരന്തനിവാരണ പരിശീലന പരിപാടി ബിൽഡിംഗ് റസീലിയൻസ് പടന്നക്കാട് ശാന്തിഭവനിൽ നടന്നു. വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ദർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. കാഞ്ഞങ്ങാട് ഡിവൈഎസ്പി: പി.കെസുധാകരൻ ദ്വിദിന പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. കാസർകോട് കുടുംബശ്രീ എഡിഎംസി പ്രകാശൻ പാലായി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പ്രകൃതി ദുരന്തങ്ങളെയും മറ്റ് അത്യാഹിതങ്ങളെയും കാര്യക്ഷമമായി നേരിടുന്നതിനായാണ് കുടുംബശ്രീ ബാലസഭകളുടെ പ്രത്യേകസംഘങ്ങളെ രൂപീകരിക്കുന്നത്. തീപിടിത്തം, വെള്ളപ്പൊക്കം, റോഡപകടങ്ങൾ, പകർച്ച വ്യാധികൾ തുടങ്ങി വിവിധഘട്ടങ്ങളിൽ അടിയന്തര സഹായം എത്തിക്കുന്നതിനുള്ള പരിശീലനം ബിൽഡിംഗ് റസീലിയൻസ് പരിപാടിയുടെ ഭാഗമായി നൽകുന്നു.

കാഞ്ഞങ്ങാട് ഫയർ ആന്റ് റെസ്ക്യു സ്റ്റേഷൻ ഓഫീസർ സി പി രാജേഷ്, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽഓഫീസർ ആശ വിജയൻ, ഇന്ത്യൻ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം ശാസ്ത്രജ്ഞൻ ഡി നിയാസ് തുടങ്ങിയവർ വിവിധ ക്ലാസുകൾ കൈകാര്യം ചെയ്തു. ജില്ലയിലെ മുപ്പതോളം റിസോഴ്സ് പേഴ്സൺമാരാണ് പരിശീലനത്തിന്റെ ആദ്യഘട്ടമായ ജില്ലാതല ക്യാമ്പിൽ പങ്കെടുത്തത്.

# ആർബിഐയിൽ സെക്യൂരിറ്റി ഗാർഡ്

റിസർ ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം, കൊച്ചി ഓഫീസുകളിലേക്കായി സെക്യൂരിറ്റി ഗാർഡിന്റെ 20 ഒഴിവിലേക്ക് വിമുക്ത ഭടൻമാരിൽ നിന്ന് മാത്രം ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. യോഗ്യതയുള്ളവർ https.\\opportunities.rbi.in\scripts\vacancies.aspx എന്നവെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കണം. നവംബർ 30 വരെ അപേക്ഷിക്കാം. ഫോൺ 04994 256860

# എംഎൽഎ ഫണ്ട് അനുവദിച്ചു

തൃക്കരിപ്പൂർ എംഎൽഎ എം രാജഗോപാലിന്റെ പ്രത്യേക വികസന നിധി നിന്നും കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിലെ മുഴക്കോം ജിയുപി സ്കൂളിന് അസംബ്ലിഹാൾ നിർമ്മാണത്തിനായി അഞ്ചുലക്ഷം

(തുടരും)

രൂപയും പൊതാവൂർ എയുപി സ്കൂളിന് ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണത്തിന് മൂന്നുലക്ഷം രൂപയും പുലിയന്നൂർ ജിഎൽപി സ്കൂളിൽ അസംബ്ലിഹാൾ നിർമ്മാണത്തിനായി അഞ്ചുലക്ഷം രൂപയും അനുവദിച്ചു. എൻഎ നെല്ലിക്കുന്ന് എംഎൽഎയുടെ പ്രത്യേക വികസന നിധിയിൽ നിന്നും കാസർകോട് ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് കോംപോണന്റ് സപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനും റിപ്പയർ പ്രവർത്തികൾക്കും 850000 രൂപ അനുവദിച്ചു. പ്രവൃത്തി നിർവഹണത്തിന് ജില്ലാ കളക്ടർ ഡോ.സജിത്ത് ബാബു അനുമതി നൽകി.

## ലേലം ചെയ്യും

കേരള റവന്യു റിക്കവറി നിയമപ്രകാരം ഞഅഇ കുടിശിക വസൂൽ ചെയ്യുന്നതിലേക്കായി ജപ്തി ചെയ്തിട്ടുള്ള (1) KL- 60-J-7534-Tata Magic IRIS, 2). KL-60-H-8475-IRIS King Ds എന്നീ വാഹനങ്ങൾ നവംബർ 29 ന് രാവിലെ 11 ന് ഹോസ്ദുർഗ് താലൂക്കിൽ ലേലം ചെയ്യും.

## മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ് 18ന്

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.മോഹൻകുമാർ ഡിസംബർ 18ന് കാസർകോട് ഗസ്റ്റ്ഹൗസിൽ സിറ്റിംഗ് നടത്തും.

## പട്ടികവർഗ വിദ്യാർത്ഥികൾക്ക് പിഎസ്സി പരിശീലനം

കാസർകോഡ് കുടുംബശ്രീ ജില്ലാമിഷന്റെയും വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, കിനാനൂർ കരിന്തളം സിഡിഎസിന്റെയും ആഭിമുഖ്യത്തിൽ പട്ടികവർഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി പട്ടിക വർഗ യുവതിയുവാക്കൾക്കുള്ള പിഎസ്സി പരിശീലനക്ലാസിന്റെ ഉദ്ഘാടനം ഡിസംബർ ഒന്നിന് രാവിലെ 11 ന് ഭീമനടി വ്യാപാര ഭവനിൽ എം.രാജഗോപാൽ എംഎൽഎ ഉദ്ഘാടനം ചെയ്യും. വെസ്റ്റ്എളേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രസീത രാജൻ അധ്യക്ഷത വഹിക്കും. ചടങ്ങിൽ ജില്ലാമിഷൻ കോഓർഡിനേറ്റർ ടി. ടി സുരേന്ദ്രൻ മുഖ്യാതിഥിയായിരിക്കും. അസിസ്റ്റന്റ് ജില്ലാമിഷൻ കോർഡിനേറ്റർ പ്രകാശൻ പാലായി പദ്ധതി വിശദീകരണം നടത്തും.

പട്ടിക വർഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കുന്ന രണ്ടാമത്തെ പിഎസ്സി പരിശീലന ക്ലാസാണിത്. ചുള്ളിക്കര ഗവൺമെന്റ് യുപി സ്കൂളിൽ ക്ലാസ് നടക്കുന്നുണ്ട്. ഇവിടെ 70 ൽ അധികം കുട്ടികൾ പഠിക്കുന്നുണ്ട്. പ്രഗത്ഭരായ അധ്യാപകർക്ക് കീഴിൽ ഒഴിവ് ദിവസങ്ങളിൽ രവിലെ 10 മുതൽ വൈകീട്ട് 4 വരെയാണ് പരിശീലനം. വിവിധ പഞ്ചായത്ത് പ്രസിഡന്റുമാരായ ജെസി ടോം, വിധുബാല, ടികെ സുകുമാരൻ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ ചടങ്ങിൽ പങ്കെടുക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ കാസർകോട് ജില്ലയിലെ പരവനടുക്കത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് നോൺ എസി ബസ് ലഭ്യമാക്കുന്നതിന് തയ്യാറുള്ള ബസ് ഉടമകൾ, സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04994 239969.

## പെൻഷൻ അദാലത്ത്

അജാനൂർ ഗ്രാമ പഞ്ചായത്തിൽ 2017 ജൂലൈ ഒന്ന് മുതൽ പെൻഷൻ അപേക്ഷിച്ചവരിൽ നിരസിച്ച അപേക്ഷകർക്കായി ഡിസംബർ 19, 20, 21 തീയതികളിൽ അദാലത്ത് നടത്തും. ആവശ്യമായ രേഖകൾ സഹിതം ഡിസംബർ നാല് മുതൽ 12 വരെ പഞ്ചായത്തോഫീസിൽ പരാതി സമർപ്പിക്കാം.

## സൗജന്യ റെക്സിൻ ബാഗ് നിർമ്മാണ കോഴ്സ്

കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിന്റെ കമ്മ്യൂണിറ്റി ഡവലപ്മെന്റ് ത്രൂ പോളിടെക്നിക്സ് എന്ന പദ്ധതിയുടെ ഭാഗമായി തൃക്കരിപ്പൂർ ഇ കെ എൻ എംഗവ. പോളിടെക്നിക്കോളേജും പിലിക്കോട്

(തുടരും)

കരപ്പാത്ത് അനുപമ ആർട്സ്&സ്പോർട്സ് ക്ലബും സംയുക്തമായിസംഘടിപ്പിക്കുന്ന സൗജന്യ റെക്സിൻ ബാഗ് നിർമ്മാണകോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷഫോറംഅനുപമ ആർട്സ്&സ്പോർട്സ് ക്ലബിൽലഭിക്കും. ഡിസംബർ നാലുവരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9446696201

## സ്റ്റാഫ് നേഴ്സ്മാർക്കുള്ള പാലിയേറ്റീവ് കെയർ ട്രെയിനിംഗ്

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് കെയർ ട്രയിനിംഗ് സെന്ററിൽ സ്റ്റാഫ് നേഴ്സുമാർക്കുള്ള പാലിയേറ്റീവ്കെയർ ട്രയിനിംഗ് (ബേസിക്ക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് നഴ്സിംഗ് ) ആരംഭിക്കുന്നു. പ്ലസ്ടു ആണ് യോഗ്യത. താൽപര്യമുള്ളവർ ഡിസംബർ 5 ന് മുൻപ് അപേക്ഷ ജില്ലാ ആശുപത്രി ഓഫീസിൽ എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9605067008

## ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ

## വികസന സെമിനാർ നടത്തി

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള വികസന സെമിനാർ പഞ്ചായത്ത് ഹാളിൽ വൈസ് പ്രസിഡന്റ് ജയിംസ് പന്തമ്മാക്കലിന്റെ അധ്യക്ഷതയിൽ നടന്നു. സർക്കാരിന്റെ പ്രത്യേ പദ്ധതികളായ ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പദ്ധതികളിലൂന്നിയ പദ്ധതികളാണ് വികസന സെമിനാറിൽ വിവരിച്ചത്. ജൈവ പച്ചക്കറി, മൃഗസംരക്ഷണം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കുന്ന പദ്ധതിയിൽ ലൈഫ് ഭവന പദ്ധതിക്കും ഊന്നൽ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കുന്ന പദ്ധതി രൂപീകരണമാണ് ഈ ഭരണസമിതിയുടെ ലക്ഷ്യമെന്ന് വൈസ് പ്രസിഡന്റ് ജയിംസ് പന്തമ്മാക്കൽ ഊന്നിപറഞ്ഞു.

80 ലക്ഷത്തിന്റെ തനത് ഫണ്ട് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ള ഈവർഷത്തെ പദ്ധതിയിൽ മെയിന്റനൻസ് ഫണ്ട് റോഡ്, റോഡ് ഇതര വിഭാഗത്തിൽ 21512100 രൂപയുടെയും, വികസന ഫണ്ടിൽ നിന്നും 30467800 രൂപയുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ 5909200 രൂപയുടേയും പദ്ധതിയുൾപ്പെടെ ആകെ 65994100 രൂപയുടെ പദ്ധതി വകയിരുത്തിയിട്ടുണ്ട്. പ്രസിഡന്റ് ജെസ്സി ടോം വികസന സെമിനാർ ഉദ്ഘാടനം ചെയ്തു.

വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ഡെറ്റി ഫ്രാൻസിസ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ സണ്ണി കോയിത്തുരുത്തേൽ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ലിൻസിക്കുട്ടി സെബാസ്റ്റ്യൻ, ബ്ലോക്ക് മെമ്പർ മറിയാമ്മ ചാക്കോ, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ സതീഷ് പി.പി., സീമ. എ.ബി, ഫിലോമിന ജോണി ആക്കാട്ട്, ജോൺ പേണ്ടാനത്ത്, ഷേർളി ചീങ്കല്ലേൽ, ടോമി ആന്റണി പുതുപ്പള്ളിൽ, തോമസ് മാത്യു, മാത്യു കെ.പി, സുലോചന എം, ബേബി കുന്നേൽ എന്നിവരുൾപ്പെടെ വിവിധ നിർവഹണ ഉദ്യോഹസ്ഥൻമാരും, വിവിധ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളടക്കം മുന്നൂറോളം പേർ സെമിനാറിൽ സംബന്ധിച്ചു.

## നോർക്ക റൂട്ട്സ് എച്ച്ആർഡി അറ്റസ്റ്റേഷൻ

കോഴിക്കോട് നോർക്ക റൂട്ട്സ് സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ വെച്ച് നടത്തിക്കൊണ്ടിരിക്കുന്ന എച്ച്. ആർ. ഡി അറ്റസ്റ്റേഷൻ പൊതുജന സൗകര്യാർത്ഥം കണ്ണൂർ ജില്ലാ പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ ഡിസംബർ 12ന് രാവിലെ ഒൻപതു മുതൽ 12.30 മണി വരെ നടത്തും. അറ്റസ്റ്റേഷന് ഓൺലൈനിൽ റജിസ്റ്റർ ചെയ്ത് അതിൽ നിന്നും എടുത്ത പ്രിന്റഡ് അപേക്ഷയുമായി എത്തണം. അപേക്ഷയിൽ ഓഫീസ് കണ്ണൂർ എന്നും തീയതി 12/12/18 എന്നും ആയിരിക്കണം.

(ssk ävA {Í Ê v:þ(202.88.244.146:8084/ norka/ അല്ലെങ്കിൽ norkaroots.net ൽ Certificate Attestation)

ആ ദിവസം കോഴിക്കോട് നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉണ്ടായിരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് :- ഫോൺ 04972765310, 04952304885

(തുടരും)

# എംപ്ലോയബിലിറ്റി സെൻ്ററിൽ ജോലി അഭിമുഖം

കാസർകോട് എംപ്ലോയബിലിറ്റി സെൻ്ററിൽ നാളെ( ഈ മാസം 30) രാവിലെ 11ന് അഭിമുഖം നടത്തുന്നു. തസ്തിക : റിലേഷൻഷിപ്പ് മാനേജർ. ഒഴിവ് (10). സീനിയർ റിലേഷൻഷിപ് മാനേജർ. ഒഴിവ് (2). കൊമേർഷ്യൽ സലെസ് ഓഫീസർ (5), ടീം ലീഡർ (2) ഫ്രണ്ട് ഓഫീസിൽ സ്റ്റാഫ് (ഫീമെയിൽ) സാലറി 8000-25000. കസ്റ്റമർ റിലേഷൻ ഓഫീസർ (ഡിഗ്രി) സലെസ് കൺസൾറ്റൻറ്(+2) താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ അന്നേ ദിവസം കാസർകോട്് കളക്ടറേറ്റിൽ സ്ഥിതിചെയ്യുന്ന എംപ്ലോയബിലിറ്റി സെൻ്ററിൽ തിരിച്ചറിയൽ കാർഡിൻ്റെകോപ്പിയും ഉന്നത വിദ്യാഭ്യാസ സർട്ടിഫിക്കറ്റിന്റെ കോപ്പിയും 250 രൂപയും അടച്ചു വൺ ടൈം രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാം. ഒറ്റത്തവണ രജിസ്റ്റർ ചെയ്തവർക്ക് നേരിട്ട് അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ: 9207155700, 04994297470